പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1668 08-06-2018-ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി അവസാനിക്കുന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി 2018 മെയ് 19-ന് അവസാനിച്ചു. |
| (ബി) പ്രസ്തുത കമ്മീഷനെ പുന:സംഘടിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;<br>(സി) പ്രസ്തുത കമ്മീഷന്റെ പരിധിയിൽപ്പെടുന്ന കടാശ്വാസം ലഭ്യമാക്കുന്നതിന് യോഗ്യമായ വായ്പകളുടെ കാലാവധി 18.1.2007-ൽ നിന്നും 2014 ആയി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) | സംസ്ഥാനത്തെ കർഷകരുടെ കാർഷിക കടങ്ങൾക്ക് ആശ്വാസം നൽകുന്നതിന് 06.06.2018-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ 31.03.2014 വരെയുള്ള കുടിശ്ശിക ആയ കാർഷിക വായ്പകളും മറ്റ് 13 ജില്ലകളിലെ 31.10.2011 വരെയുള്ള വായ്പകളും കാർഷിക കടാശ്വാസത്തിന് പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**